(സി) പണിമുടക്ക് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി)*:

(എ) കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 2005 ജൂലായ് 20 മുതൽ പണിമുടക്ക് നടത്തുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) പഞ്ചായത്ത് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി 16-7-2005-ന് നടത്തിയ ചർച്ചയെ തുടർന്ന് പണിമുടക്ക് ഒഴിവാക്കിയിട്ടുണ്ട്.

വെന്റിലേറ്റർ സൗകര്യമുള്ള ആശുപത്രികൾ

*15 [258] *ശ്രീ. കെ. സി. ജോസഫ്:*
„ ടി. എൻ. പ്രതാപൻ:
„ ജോർജ്ജ് ജെ. മാത്യു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ വെന്റിലേറ്റർ സൗകര്യമുണ്ട്;

(ബി) ഈ വെന്റിലേറ്ററുകളിൽ ഓക്സിജൻ സിലിണ്ടറുകൾ യഥാസമയം എത്തിക്കുന്നെന്ന് ഉറപ്പുവരുത്താറുണ്ടോ;

(സി) ഓപ്പറേഷനുശേഷം വെന്റിലേറ്ററിൽ പ്രവേശിപ്പിച്ച രോഗി ഓക്സിജൻ കിട്ടാതെ ഇക്കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ മരിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സ്ഥാപനത്തിന്റെ മേലധികാരിക്ക് റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓക്സിജൻ യഥാസമയം നൽകാതിരുന്നവരുടെ മേൽ എന്ത് നടപടി എടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള മുപ്പത് ആശുപത്രികളിലും വെന്റിലേറ്റർ സൗകര്യമുണ്ട്. (വിശദവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്). †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. അതാത് ആശുപത്രികളിലെ മേലധികാരികൾ ഇതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

(സി) ഇല്ല.

(ഡി) & (ഇ) ചോദ്യം ഉദിക്കുന്നില്ല.

ഗൾഫ് രാജ്യങ്ങളിലെ കാരാഗൃഹങ്ങളിൽ ഉള്ള മലയാളി സ്ത്രീകൾ

*16 [259] *ശ്രീ. വി. ഡി. സതീശൻ:*

„ *പ്രയാർ ഗോപാലകൃഷ്ണൻ:*

„ *എം. എം. ഹസ്സൻ:*

„ *ബി. രാജീവകുമാർ:*

„ *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ കാരാഗൃഹങ്ങളിൽ എത്ര മലയാളി സ്ത്രീകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവിടെ നിന്ന് ഭാരിച്ച ശമ്പളവും മറ്റാനുകൂല്യങ്ങളും വാഗ്ദാനം നൽകി ട്രാവൽ ഏജൻസികൾ ഗൾഫ് രാജ്യങ്ങളിലേക്കയയ്ക്കുന്ന സ്ത്രീകളിൽ പലരും അവിഹിത ജീവിതം നയിക്കുന്നതിന് നിർബന്ധിക്കപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 30 വയസ്സിൽ കുറഞ്ഞ പ്രായമുള്ള സ്ത്രീകളെ ഗൾഫ് രാജ്യങ്ങളിൽ വീട്ടുവേലയ്ക്ക് അയയ്ക്കരുതെന്ന കേന്ദ്ര നിർദ്ദേശം ലംഘിച്ച് കള്ളവായ യാത്രാരേഖകളുണ്ടാക്കി ട്രാവൽ ഏജൻസികൾ അവരെ ഗൾഫിലേക്കയയ്ക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) കൃത്യമായ വിവരം ലഭ്യമല്ല.

(ബി) ഉണ്ട്.

(സി) ഗൾഫ് രാജ്യങ്ങളിലേക്ക് വ്യാജ റിക്രൂട്ട്മെന്റ് നടത്തുന്ന ഏജൻസികൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിനായി സംസ്ഥാന സർക്കാർ 'State Level Monitoring Committee on Illegal Recruitment to Foreign Countries', 'State Level Monitoring Committee for Illegal Recruitment Core Group and Publicity Committee' എന്നീ കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. കൂടാതെ നിലവിലുള്ള എമിഗ്രേഷൻ നിയമത്തിലെ അപാകതകൾ നീക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[20-7-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *15 (258)-ന്റെ ഉത്തരം ദയവായി കാണുക]

ആരോഗ്യ വകുപ്പിന് കീഴിലുള്ള വെന്റിലേറ്റർ സൗകര്യമുള്ള ആശുപത്രികളുടെ പേരും വെന്റിലേറ്ററുകളുടെ എണ്ണവും ചുവടെ കൊടുക്കുന്നു.

1.	ജനറൽ ആശുപത്രി, തിരുവനന്തപുരം	..	3
2.	ജനറൽ ആശുപത്രി, പത്തനംതിട്ട	..	1
3.	ജനറൽ ആശുപത്രി, കോഴിക്കോട്	..	2
4.	ജനറൽ ആശുപത്രി, തലശ്ശേരി	..	1
5.	ജനറൽ ആശുപത്രി, എറണാകുളം	..	2
6.	സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട്	..	1
7.	സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ആലപ്പുഴ	..	1
8.	സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, മട്ടാഞ്ചേരി	..	1
9.	സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തിരുവനന്തപുരം	..	1
10.	ജില്ലാ ആശുപത്രി, കൊല്ലം	..	2
11.	ജില്ലാ ആശുപത്രി, കോഴഞ്ചേരി	..	1
12.	ജില്ലാ ആശുപത്രി, ആലപ്പുഴ	..	1
13.	ജില്ലാ ആശുപത്രി, തൃശ്ശൂർ	..	2
14.	ജില്ലാ ആശുപത്രി, കാസർഗോഡ്	..	1
15.	ജില്ലാ ആശുപത്രി, മഞ്ചേരി	..	1
16.	ജില്ലാ ആശുപത്രി, പാലക്കാട്	..	1
17.	ജില്ലാ ആശുപത്രി, കണ്ണൂർ	..	1

LIBRARY ARCHIVES Kerala Legislative Assembly

18.	ജില്ലാ ആശുപത്രി, മാനന്തവാടി	..	2
19.	ജില്ലാ ആശുപത്രി, ഇടുക്കി	..	1
20.	ജില്ലാ ആശുപത്രി, കോട്ടയം	..	1
21.	താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര	..	1
22.	താലൂക്ക് ആശുപത്രി, ചേർത്തല	..	1
23.	താലൂക്ക് ആശുപത്രി, കൊയിലാണ്ടി	..	1
24.	താലൂക്ക് ആശുപത്രി, ചിറയിൻകീഴ്	..	1
25.	താലൂക്ക് ആശുപത്രി, കൊട്ടാരക്കര	..	1
26.	താലൂക്ക് ആശുപത്രി, മൂവാറ്റുപുഴ	..	1
27.	താലൂക്ക് ആശുപത്രി, കാസർഗോഡ്	..	1
28.	താലൂക്ക് ആശുപത്രി, പുനലൂർ	..	1
29.	ഗവൺമെന്റ് ആശുപത്രി, വടകര	..	1
30.	ടി. ബി. സാനറ്റോറിയം, പുലയനാർകോട്ട	..	1

LIBRARY ARCHIVES Kerala Legislative Assembly